ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 19.08.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ജന സേവനത്തിൽ നീതിയും വിനയവും പുലർത്തണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഇന്ത്യൻ ഇൻഫർമേഷൻ സർവീസിലെയും ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ സർവീസിലെയും ഉദ്യോഗസ്ഥരുമായി രാഷ്ട്രപതി സംവദിച്ചു.

   **President Droupadi Murmu calls for fairness and humility in public service; interacts with officers of the Indian Information Service and Indian Statistical Service.**

2. ചോദ്യപേപ്പർ ചോർച്ച തടയുന്നതിന് നാഷണൽ ടെസ്റ്റിംഗ് ഏജൻസിയെ ശക്തവും സുസ്ഥിരവുമായ സ്ഥാപനമാക്കി നവീകരിക്കാൻ കേന്ദ്ര സർക്കാരിന് സുപ്രീം കോടതി നിർദേശം.

   **Supreme Court directs Centre to revamp NTA into a strong and sustainable institution to prevent question paper leaks.**

3. 13,041 കോടി രൂപയുടെ റയിൽവേ - ദേശീയ പാതാ പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. ഗ്രാമങ്ങളിലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

**Union Cabinet approves railway and national highway projects worth ₹13,041 crore; projects to improve connectivity to villages, says Ashwini Vaishnaw.**

4. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ സോണൽ കൗൺസിൽ യോഗം നാളെ മഹാബലിപുരത്ത്.

**Southern Zonal Council meeting to be held in Mahabalipuram tomorrow under the chairmanship of Union Home Minister Amit Shah.**

5. ശക്തമായ തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ കേരളം - ലക്ഷദ്വീപ് - തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഇന്നും നാളെയും ജാഗ്രതാ നിർദേശം.

**Kerala, Lakshadweep and southern Tamil Nadu coasts on alert today and tomorrow amid possibility of strong waves and sea incursions.**

## 6. ഇന്ത്യ - ശ്രീലങ്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് 165 റൺസ് ജയം..

**India beat Sri Lanka by 165 runs in the first Test of the India-Sri Lanka Test series.**

❁❁❁❁❁❁❁❁❁❁❁❁❁

**PREZ - IIS OFFICERS**

സാങ്കേതികവിദ്യ, മാധ്യമം, സാമ്പത്തികശാസ്ത്രം, പൊതുനയം എന്നീ മേഖലകളിൽ ദ്രുതഗതിയിലുള്ള പരിവർത്തനങ്ങളാണ് നടക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. രാഷ്ട്രപതി ഭവനിൽ ഇന്ത്യൻ ഇൻഫർമേഷൻ സർവീസിലെയും ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ സർവീസിലെയും ഉദ്യോഗസ്ഥരുമായി സംവദിക്കുകയായിരുന്നു രാഷ്ട്രപതി. ജന സേവനത്തിൽ നീതിയും വിനയവും പുലർത്തേണ്ടത് ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തമാണെന്നും രാഷ്ട്രപതി ഓർമപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**SC- NTA**

ചോദ്യപേപ്പർ ചോർച്ച തടയുന്നതിനായി നാഷണൽ ടെസ്റ്റിംഗ് ഏജൻസിയെ കൂടുതൽ ശക്തവും സുസ്ഥിരവുമായ സ്ഥാപനമായി മാറ്റണമെന്ന് സുപ്രീം കോടതി. ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നത് വിശദീകരിച്ചുകൊണ്ട് സത്യവാങ്മൂലം സമർപ്പിക്കാൻ വിദ്യാഭ്യാസ മന്ത്രാലയ സെക്രട്ടറിയോട് കോടതി

നിർദ്ദേശിച്ചു. സുരക്ഷിതമായ അടിസ്ഥാന സൗകര്യങ്ങൾ, പ്രത്യേക പരീക്ഷാ കേന്ദ്രങ്ങൾ, സൈബർ സുരക്ഷാ സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കണമെന്നും NEET-UG ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കവെ കോടതി അറിയിച്ചു.

## CABINET - PROJECTS (INTRO)

നാല് റെയിൽവേ പദ്ധതികളും ഒരു ദേശീയപാത പദ്ധതിയും ഉൾപ്പെടെ 13,041 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. പശ്ചിമ ബംഗാൾ, ഒഡീഷ, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലായി എട്ട് ജില്ലകളെ ഉൾക്കൊള്ളുന്ന നാല് റെയിൽവേ മൾട്ടി-ട്രാക്കിംഗ് പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ഇതുവഴി ഇന്ത്യൻ റെയിൽവേയുടെ പ്രവർത്തനക്ഷമത വർദ്ധിക്കുമെന്നും 6,448 ഗ്രാമങ്ങളിലേക്കുള്ള യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുമെന്നും കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

( *വോയിസ്....)*

ബിഹാറിലെ NH-22-ന്റെ ഭാഗമായ മുസാഫർപൂർ-സീതാമർഹി-സോൺബാർസ പാതയെ നാല് വരിയായി ഉയർത്തുന്നതിനും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. 82.57 കിലോമീറ്റർ ദൈർഘ്യമുള്ള പാത പൂർത്തിയാകുന്നതോടെ പ്രാദേശിക ഗതാഗത സൗകര്യം ശക്തിപ്പെടുമെന്നാണ് വിലയിരുത്തൽ.

## SITHARAMAN-ISMR

സിംഗപ്പൂരിൽ നടക്കുന്ന നാലാമത് ഇന്ത്യ-സിംഗപ്പൂർ മന്ത്രിതല വട്ടമേശ യോഗത്തിൽ കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻറെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം പങ്കെടുക്കും. കേന്ദ്ര മന്ത്രിമാരായ എസ്. ജയ്ശങ്കർ, പിയൂഷ് ഗോയൽ, ജിതിൻ പ്രസാദ എന്നിവരടങ്ങുന്നതാണ് സംഘം. ഇന്ത്യയും സിംഗപ്പൂരും തമ്മിലുള്ള ഉന്നതതല സാമ്പത്തിക സഹകരണ സംവിധാനമാണ് 2022-ൽ ആരംഭിച്ച ISMR.

## PRALHAD-MEETING

മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന യുവാക്കൾക്ക് സൗജന്യ ഓൺലൈൻ പരിശീലനം നൽകാനുള്ള പദ്ധതി കേന്ദ്ര വിദ്യാഭ്യാസമന്ത്രി പ്രൽഹാദ് ജോഷി അവലോകനം ചെയ്തു. ഉന്നത വിദ്യാഭ്യാസ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു. ഉന്നത നിലവാരമുള്ള വിദ്യാഭ്യാസം , വിദഗ്ദ്ധ മാർഗ്ഗനിർദ്ദേശം, രാജ്യമെമ്പാടുമുള്ള വിദ്യാർത്ഥികൾക്ക് ലളിതമായി സമീപിക്കാനാകുന്ന ഘടന എന്നിവ ഉറപ്പാക്കുന്ന ദേശീയ സംവിധാനം സജ്ജമാക്കാൻ ഓൺലൈൻ പരിശീലനത്തിലൂടെ സാധിക്കുമെന്ന് കേന്ദ്ര വിദ്യാഭ്യാസമന്ത്രി പറഞ്ഞു.

## SHAH – TAMIL NADU MEETING

രണ്ട് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിനായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ചെന്നൈയിലെത്തും. അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ തമിഴ്നാട്ടിലെ മഹാബലിപുരത്ത് നാളെ സതേൺ സോണൽ കൗൺസിൽ യോഗം ചേരും. ആന്ധ്രാപ്രദേശ്, കർണാടക, കേരളം, തമിഴ്നാട്, തെലങ്കാന സംസ്ഥാനങ്ങളും പുതുച്ചേരി, ആൻഡമാൻ-നിക്കോബാർ ദ്വീപുകൾ, ലക്ഷദ്വീപ് എന്നീ കേന്ദ്രഭരണ പ്രദേശങ്ങളും ഉൾപ്പെടുന്നതാണ് കൗൺസിൽ. ലഫ്റ്റനന്റ് ഗവർണർമാർ, മുഖ്യമന്ത്രിമാർ, മന്ത്രിമാർ തുടങ്ങിയവർ പങ്കെടുക്കും. സംസ്ഥാനങ്ങൾ ഉന്നയിക്കുന്ന വിവിധ വിഷയങ്ങൾ സോണൽ കൗൺസിൽ യോഗത്തിൽ അവതരിപ്പിക്കും.

## RAJNATH – JAPAN DEFENCE MINISTER

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് നാളെ ന്യൂഡൽഹിയിൽ ജപ്പാൻ പ്രതിരോധ മന്ത്രി ഷിൻജിറോ കൊയ്സുമിയുമായി കൂടിക്കാഴ്ച നടത്തും. മെയ്ക്ക്-ഇൻ-ഇന്ത്യ ചട്ടക്കൂടിന് കീഴിലുള്ള സമുദ്ര സുരക്ഷാ സഹകരണത്തെക്കുറിച്ചും പ്രതിരോധ ഉത്പാദനത്തിലെ സഹകരണത്തെക്കുറിച്ചും ചർച്ച നടക്കും. ഇന്ത്യ സന്ദർശനത്തിന്റെ ഭാഗമായി

ഷിൻജിറോ കൊയ്സുമി ഇന്ന് മുംബൈയിലെ വെസ്റ്റേൺ നേവൽ കമാൻഡ് സന്ദർശിച്ചു.

## ONAM KERALA

ഓണത്തിന് ഇനി ദിവസങ്ങൾ മാത്രം. കേരളത്തിൽ ഒരുക്കങ്ങൾ സജീവമായി. ഓണ വിപണികളിൽ വലിയ ജനത്തിരക്കാണ് അനുഭവപ്പെടുന്നത്. വിവിധ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ ഓണാഘോഷ പരിപാടികളും ആരംഭിച്ചു.

## SCHOOL MEAL PROJECT

കേരളത്തിലെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്ലസ് ടു തലത്തിലേക്ക് വ്യാപിപ്പിക്കാൻ സംസ്ഥാന സർക്കാർ സന്നദ്ധമാണെന്ന് വിദ്യാഭ്യാസ മന്ത്രി എൻ ഷംസുദ്ദീൻ. സ്കൂൾ വിദ്യാർഥികൾക്കുള്ള ഓണം സ്പെഷ്യൽ അരി വിതരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു മന്ത്രി. നിലവിൽ എട്ടാം ക്ലാസ് വരെയാണ് ഉച്ചഭക്ഷണ പദ്ധതിയുള്ളത്.

## RAIN- KERALA

കള്ളക്കടൽ ജാഗ്രത നിർദ്ദേശത്തിൻറെ ഭാഗമായി കേരളത്തിലെ എല്ലാ തീരദേശ ജില്ലകളിലും ലക്ഷദ്വീപ് - പുതുച്ചേരി -തെക്കൻ തമിഴ്നാട് തീരങ്ങളിലും ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ഉയർന്ന തിരമാലയ്ക്ക് സാധ്യതയുള്ളതിനാൽ, മത്സ്യത്തൊഴിലാളികൾ ഇന്നും നാളെയും കടലിൽ പോകരുതെന്ന് മുന്നറിയിപ്പുണ്ട്. ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കോട്ടയം, എറണാകുളം, ഇടുക്കി, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി.

## IRAN– US BASES

പേർഷ്യൻ ഗൾഫിന്റെ തെക്കൻ തീരത്തുള്ള രാജ്യങ്ങൾ യുഎസ് സൈന്യത്തിന് സഹായം നൽകരുതെന്ന് ഇറാൻ സായുധ സേനയുടെ മുന്നറിയിപ്പ്. മേഖലയിലെ സൈനിക താവളങ്ങളിലെ നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും ഇറാൻ അറിയിച്ചു. യുഎസും ഇറാനും തമ്മിലുള്ള സംഘർഷം തുടരുന്ന സാഹചര്യത്തിൽ, പശ്ചിമേഷ്യയിലെ സൈനിക സാന്നിധ്യം കുറയ്ക്കാൻ അമേരിക്കൻ പ്രതിരോധ വകുപ്പ് പദ്ധതിയിടുന്നതായും റിപ്പോർട്ടുകളുണ്ട്.

## GADKARI- CONFERENCE(INTRO)

രാജ്യത്ത് കുറഞ്ഞ ചെലവിൽ മികച്ച നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. ന്യൂഡൽഹിയിൽ 'ടണൽസ് ആൻഡ് ബ്രിഡ്ജസ് കോൺഫറൻസ് 2026'-ന്റെ നാലാം പതിപ്പിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഗുണനിലവാരമില്ലാത്ത DPR-കളും അപര്യാപ്തമായ ഭൗമശാസ്ത്രപരമായ വിവരങ്ങളും പദ്ധതിച്ചെലവ് വർധിക്കാനും കാലതാമസത്തിനും സുരക്ഷാ പ്രശ്നങ്ങൾക്കും കാരണമാകാറുണ്ടെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

( വോയിസ്...)

## TEST CRICKET- IND VS SL

ഇന്ത്യ - ശ്രീലങ്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് 165 റൺസ് ജയം. 372 റൺസ് വിജയലക്ഷ്യവുമായി അഞ്ചാം ദിനം ബാറ്റിംഗ് പുനഃരാരംഭിച്ച ശ്രീലങ്ക 206 റൺസിന് പുറത്താവുകയായിരുന്നു. ഇന്ത്യക്കായി മാനവ് സുതർ 6 വിക്കറ്റ് നേടി. ആദ്യ ഇന്നിങ്സിൽ സെഞ്ചുറി നേടിയ ദേവദത്ത് പടിക്കലാണ് കളിയിലെ താരം.

## KCL-TVM(INTRO)

കേരളാ ക്രിക്കറ്റ് ലീഗിന്റെ മൂന്നാം സീസണിന് നാളെ തിരുവനന്തപുരത്തു തുടക്കമാകും. 17 ദിവസത്തെ ടൂർണമെന്റിന്റെ ഫൈനൽ സെപ്റ്റംബർ അഞ്ചിനാണ്. ഹോം ഗ്രൗണ്ടിൽ മൽസരത്തിന് ഇറങ്ങുമ്പോൾ പ്രാദേശിക പിന്തുണ പ്രതീക്ഷിക്കുന്നതായി ട്രിവാൻഡ്രം റോയൽസ് ക്യാപ്റ്റൻ കൃഷ്ണ പ്രസാദ് ആകാശവാണി വാർത്തകളോട് പറഞ്ഞു.

( വോയിസ്...)

## COLOMBIA- DEATH TOLL

കൊളംബിയയിൽ, ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 312 ആയി. 4,611 പേർക്ക് പരിക്കേറ്റു. 7.4 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിൽ 290 പേരെ കാണാതായിട്ടുണ്ട്. രക്ഷാപ്രവർത്തനങ്ങൾ തുടരുകയാണ്. സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിച്ച കൊളംബിയയിലെ ജനങ്ങളോട് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇന്ത്യയുടെ ഐക്യദാർഢ്യം അറിയിച്ചു.